# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3198** **14.07.2015-ൽ മറുപടിയ്ക്ക്**

## കൊയിലാണ്ടി നഗരത്തിൽ വോൾട്ടേജ് വ്യതിയാനവും പവർകട്ടും

### ചോദ്യം

ശ്രീ. കെ. ദാസൻ :

(എ) കൊയിലാണ്ടി നഗരത്തിൽ പകൽ സമയങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് വ്യതിയാനവും പവർ കട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് കാരണം നഗരത്തിലെ ആശുപത്രികളിലും മറ്റ് സ്ഥാപനങ്ങളിലും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുകാരണം വൈദ്യുത യന്ത്രങ്ങൾക്കു വരുന്ന പ്രവർത്തന ചെലവ് വർദ്ധനവും തകരാറുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ?

### ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) (ബി) (സി) & (ഡി) തലശ്ശേരി 110 കെ. വി. സബ്സ്റ്റേഷനിൽ നിന്ന് വടകര 110 കെ. വി സബ്സ്റ്റേഷൻ വരെ നിലവിലുള്ള സിംഗിൾ സർക്യൂട്ട് ലൈൻ ഡബിൾ സർക്യൂട്ട് ലൈൻ ആക്കി മാറ്റുന്ന പ്രവൃത്തിയുടെ ഭാഗമായി ഓർക്കാട്ടേരി മുതൽ വടകര വരെയുള്ള ഭാഗങ്ങളിൽ 2015 ഏപ്രിൽ 24 മുതൽ ജൂൺ 10 വരെ ചേവായൂർ, കൊയിലാണ്ടി, മേപ്പയൂർ എന്നീ 110 കെ. വി. സബ്സ്റ്റേഷനുകളിലും ബാലുശ്ശേരി, മേലടി, തിരുവള്ളൂർ എന്നീ അനുബന്ധ 33 കെ. വി. സബ്സ്റ്റേഷനുകളിലും വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നു. പ്രസ്തുത ഭാഗങ്ങളിലേയ്ക്ക് കോഴിക്കോട്, നല്ലളം ഭാഗത്ത് നിന്നും ദൈർഘ്യമേറിയ ലൈനുകളിലൂടെ വൈദ്യുതി എത്തിക്കേണ്ടി വന്നതിനാൽ വോൾട്ടേജ് ക്ഷാമം നേരിട്ടിരുന്നു. 110 കെ. വി. ലൈൻ ഇരട്ടിപ്പിക്കൽ പ്രവൃത്തി ഏകദേശം 2015 ജൂലൈ പകുതിയോടുകൂടി പൂർത്തീകരിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ.**